# weekly Devotion- June 2019
## Helping God at Kidron Valley
**(ദൈവസഹായമാകുന്ന കിദ്രോൻ തോട്)**




ഒരു വനത്തിൽ ഒരു അട്ടയും തവളയും താമസിച്ചിരുന്നു. ഇരുവരും ഉറ്റ സുഹൃത്തുക്കളുമായിരുന്നു.എന്നാൽ ഒരു ദിവസം അട്ടയ്ക്ക് തവളയോട് ഏതോ കാരണത്താൽ അസൂയ തോന്നി. വളരെ അധികം കാലുകളുള്ള താൻ വളരെ സാവധാനം നടക്കുന്നു. എന്നാൽ നാലുകാലു മാത്രമുള്ള തവള ചാടിച്ചാടി സഞ്ചരിക്കുന്നു. തവള അഹങ്കാരിയാണെന്ന് ചിന്തിച്ച് അട്ട മൃഗരാജനായ സിംഹത്തോട് പരാതി ഉണർത്തിച്ചു. നിങ്ങൾ സുഹൃത്തുക്കളല്ലേ നീ തന്നെ ചോദിക്കുക എന്ന് സിംഹം ആവശ്യപ്പെട്ടിട്ടും ചോദിക്കാതെ അട്ട തന്റെ സൗഹൃദം തുടർന്നു. അതിനാൽ സിംഹം തന്നെ തവളയെ ചോദ്യം ചെയ്തു. തവളയുടെ മറുപടി ഇപ്രകാരമായിരുന്നു. 'ഞാൻ ജനിച്ച ദിവസം മുതൽ ഒരു വാൽ ഉള്ളവനായി മലിനജലത്തിൽ ചുറ്റിക്കറങ്ങി നടക്കുകയായിരുന്നു.എന്റെ ജീവിതം ഇരുട്ടിലായിരുന്നു. എന്നാൽ സർവ്വ ശക്തനായ ദൈവം ഒരു ദിവസം എന്നെ രൂപാന്തരപ്പെടുത്തി ഈ വിശാലമായ ലോകത്തിൽ സ്വാതന്ത്ര്യത്തോടെ ജീവിക്കുവാനുള്ള ശരീരഘടന എനിക്കുനൽകി. ആ സന്തോഷം കൊണ്ടാണ് ഞാൻ ചാടിച്ചാടി നടക്കുന്നത്. എന്റെ ഇരുണ്ട ജീവിതം ദൈവം മാറ്റിത്തന്നതിലുള്ള സന്തോഷമാണിത്.

സുന്ദരം എന്ന ദേവാലയ ഗോപുരത്തിങ്കൽ ഇരുന്ന മുടന്തൻ അമ്മയുടെ ഗർഭം മുതൽ അപ്രകാരമായതിനാൽ അവിടെ എത്തിയതും പരസഹായത്തോടെ ആയിരുന്നു. യഹോവയുടെ നാമത്തിൽ നടക്ക എന്ന് പത്രോസ് പറയുകയും അവനെ എഴുന്നേൽപിക്കുകയും ചെയ്തപ്പോൾ കുതിച്ചെഴുന്നേറ്റ് നടക്കുവാൻ അവന് കഴിഞ്ഞു. തുടർന്ന് നടന്നും തുള്ളിയും അവൻ ദൈവത്തെ മഹത്വപ്പെടുത്തി. ഇതത്രേ ഇരുളിൽ നിന്ന് വെളിച്ചത്തിലേക്കു വന്നവരുടെ ചാട്ടം. കിദ്രോൻ എന്ന വാക്കിന്റെ അർത്ഥം ഇരുണ്ടത് എന്നാണ്. ഇരുണ്ട ജീവിതാനുഭവങ്ങൾ ദൈവീക സഹായം ലഭിക്കുമ്പോൾ അനുഗ്രഹമാകുന്നു. ഇരുണ്ട അനുഭവം ഒരു വ്യക്തിയുടെ ജീവിതത്തിൽ കടന്നു വരുന്നതിന് ഉദാഹരണമാണ് അബ്രഹാമിന്റെ ജീവിതം. വാർദ്ധക്യകാലത്ത് ലഭിച്ച മകനെ യഹോവ യാഗം കഴിക്കുവാൻ കല്പിച്ചപ്പോൾ ആ മനസ്സ് തകർന്നു. ആരോടും പറയുവാൻ കഴിയാതെ യാഗത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തു. 'അപ്പാ! യാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ എന്നു ചോദിക്കുമ്പോൾ ആ പിതാവിന്റെ ഹൃദയം ഇരുട്ടിലായി . എന്നാൽ ദൈവത്തിന്റെ വാക്കനുസരിച്ച പിതാവിനെയോ, പിതാവിന്റെ വാക്കുകൾ അനുസരണയോടെ സ്വീകരിക്കുകയും , എതിർപ്പില്ലാതെ അനുസരി

ക്കുകയും ചെയ്ത പുത്രനെ യഹോവ ഇരുട്ടിലാക്കുകയില്ല. ഈ കിദ്രോൻ അനുഭവം ദൈവസഹായം കണ്ടെത്തുവാൻ സഹായിച്ചു. യാഗത്തിന് ആട്ടിൻകുട്ടിയെ കരുതിയ ദൈവം അബ്രഹാമിന്റെ ജീവിതത്തിലെ ഇരുട്ടു മാറ്റി വെളിച്ചം നൽകി. ദൈവീക കരുതൽ , സഹായം ഇവ ലഭിച്ചവൻ നന്ദിയോടെ ദൈവത്തെ മഹത്വപ്പെടുത്തുന്നു. (ഉല്പ:22:1-18)

കിദ്രോനിലെത്തിയ മറ്റൊരു പിതാവിനെ കാണാം. ഇവിടെ പിതാവായ ദാവീദ് അവിടെ എത്തുവാൻ കാരണം അനുസരണംകെട്ട ചതിയനായ തന്റെ മകൻ അബ്ശാലോം മൂലമാണ്. തന്റെ മകൻ പിതാവിന്റെ രാജസ്ഥാനം മോഹിച്ച് ചെയ്ത പ്രവർത്തികൾ കേട്ട് ഭയന്ന് ദാവീദും കൂടെയുള്ള ജനവും മരുഭൂമിയിലേക്ക് യാത്ര തിരിച്ചു. മരുഭൂമിയിലാക്കുന്നത് തകർക്കുവാനുള്ള ചിന്തയിലല്ല ദൈവത്തിന് അവരോട് ഹൃദ്യമായി സംസാരിക്കുവാനാണ്. സ്വപുത്രനായ അബ്ശലോമിനെ ഭയന്നോടിയ പിതാവിന്റെ ഹൃദയം ഇരുട്ടിലായി. ഇരുണ്ട അവസ്ഥയുടെ കഠിനത കാണിക്കുന്നതാണ് ദാവീദിന്റെയും കൂട്ടരുടെയും കരച്ചിൽ. അബ്ശലോമിനെ ഭയന്നോടിയ ദാവീദ് പാടിയ സങ്കീർത്തനമാണ് സങ്കീ:(3). ഭയന്നോടിയപ്പോഴും അദ്ദേഹം തന്റെ ദൈവം തനിക്കു ചുറ്റും പരിചയും തന്റെ മഹത്വവും, തല ഉയർത്തുന്നവനും എന്ന് വിശ്വസിച്ചിരുന്നു. കിദ്രോനിലെ തണുപ്പ് അനുഭവിച്ചവർ ദൈവം ഒരുക്കിയ പ്രശ്ന പരിഹാരത്തിനായി അഹീഥോഫേലിന്റെ ആലോചനയെ തന്റെ ജനത്തിന്റെ പ്രാർത്ഥന കേട്ട ദൈവം വ്യർത്ഥമാക്കി. ദൈവം ഹൂശ്ശായിയെ അതിനായി ഉപയോഗിച്ചു. ദാവീദിന്റെ ആളുകൾക്കു നേരെ കുതിരയുമായി വേഗത്തിൽ വന്നവന്റെ മുടി കരുവേലകത്തിൽ കുരുങ്ങി അബ്ശലോം തൂങ്ങിക്കിടന്നു. യോവാബും കൂട്ടരും ചുറ്റുംകൂടി നിന്ന് വെട്ടിയും തല്ലിയും അവനെ കൊന്നു. (2ശമു:18:9-16)

'എന്റെ ദൈവമേ എന്നെ രക്ഷിക്കണമേ'എന്ന പ്രാർത്ഥന കേട്ട ദൈവം സിംഹാസനം നൽകി ദാവീദിനെ അനുഗ്രഹിച്ചു.

പുതിയ നിയമത്തിൽ കിദ്രോൻ കടന്ന വ്യക്തിയാണ് യേശു. അബ്ശാലോം രാജസ്ഥാനം മോഹിച്ച് അപ്പനെ ചതിച്ചു എങ്കിൽ പണക്കൊതിയനായ യൂദ മുപ്പതുവെള്ളിക്കാശിനാണ് യേശുവിനെ ചതിച്ചത്. ദാവീദ് പെട്ടെന്ന് കേട്ട വിവരം മൂലം തളർന്നപ്പോൾ ഭൂമിയിലെ തന്റെ പ്രവർത്തി തികച്ചു എന്ന് യേശു സമ്മതിച്ച് , പിതാവിന്റെ അറിവോടെ പാപികളായ നമ്മെ രക്ഷിപ്പാനാണ് ഇരുണ്ട(കിദ്രോൻ)അനുഭവത്തിലേക്ക് പ്രവേശിച്ചത്. തീവ്രവേദനയോടെ ഗദ്ശമനയിൽ പ്രാർത്ഥിച്ചപ്പോഴും ഒരു നാഴിക പോലും കൂടെ ഇരുന്ന് പ്രാർത്ഥിപ്പാൻ ആരും ഉണ്ടായില്ല. കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീക്കേണമേ എന്നപേക്ഷിക്കുമ്പോൾ ഇരുട്ട വർദ്ധിച്ചു തുടങ്ങി. ക്രൂശിലെ വേദനയുടെ പാരമ്യത്തിൽ പ്രകൃതി പോലും ഇരുണ്ടുപോയി.

പ്രകൃതിയിൽ മാറ്റങ്ങൾ ഉണ്ടായി. 'പിതാവേ എന്നെ കൈവിട്ടതെന്ത്' എന്ന ചോദ്യം കേട്ട പിതാവും നമുക്കുവേണ്ടി നിശബ്ദനായി . ആത്മാവിനെ സ്വീകരിച്ച പിതാവ് മൂന്നാംദിവസം മടക്കി നൽകി, കല്ലറ ഒഴിഞ്ഞു , അവൻ ഉയർത്തെഴുന്നേറ്റു. കിദ്രോനനുഭവം മാറിയപ്പോൾ സാത്താൻ തോറ്റു. പിതാവിന്റെ അടുക്കലേക്ക് മടങ്ങിപ്പോയ പുത്രൻ നമ്മെ നയിക്കുവാൻ കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ തന്നു. ആരും കിദ്രോൻ അനുഭവത്തിൽ ഭയപ്പെടേണ്ട, നടത്തുന്ന പരിശുദ്ധാത്മാവിന്റെ സഹായം നേടുക.

ദൈവം നിങ്ങളെ സഹായിക്കട്ടെ

ശാന്തമ്മ വർഗ്ഗീസ്

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59-
JJX2dk_wuLkKT2hE0tg